വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

41

www.industry.kerala.gov.in

15 MAY 2023

# വ്യവസായ കുതിപ്പൊരുക്കാൻ

## നമ്മുടെ സ്വന്തം സ്വകാര്യ വ്യവസായ പാർക്കുകൾ

സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയും വ്യവസായ നിക്ഷേപവും ഇന്ന് കുതിപ്പിന്റെ പാതയിലാണ്. മാതൃകാപരമായ വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടതിലൂടെയാണ് ഇത്തരമൊരു മുന്നേറ്റം സാധ്യമായത്. സംരംഭകരെ കൈ പിടിച്ചുയർത്തുന്ന വ്യവസായ വാണിജ്യ നയങ്ങളും ഉദ്യോഗസ്ഥ പ്രതിബദ്ധതയും സംരംഭക രംഗത്തേക്ക് കൂടുതൽ പേർ കടന്നു വരുന്നതിന് അവസരമൊരുക്കുന്നു. പുതിയ സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ എല്ലാ മേഖലകളിലേക്കും കൂടുതൽ നിക്ഷേപമെത്തുകയും ചെയ്യുന്നു. സംരംഭകത്വവും തൊഴിലവസരങ്ങളും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ നിക്ഷേപ സമാഹരണവും കേരളം ലക്ഷ്യമിടുന്നുണ്ട്. സാധാരണക്കാർക്ക് പോലും നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയെ സ്വാധീനിക്കുന്നതിനുതകുന്ന പദ്ധതിയാണ് വ്യവസായ വകുപ്പിന്റെ 'സ്വകാര്യ വ്യവസായ പാർക്കുകൾ' എന്ന ആശയം.

വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിലൂടെ, കേരളം നേരിടുന്ന സംരംഭങ്ങൾക്ക് അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവെന്ന പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. ഇതിലൂടെ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്തുണ്ടാവുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. സംസ്ഥാനത്ത് 10 ഏക്കറിലധികം സ്ഥലം ഉള്ളവർക്ക് പാർക്കിന്റെ ലൈസൻസിനായി അപേക്ഷിക്കാൻ കഴിയും.

സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുകയും പരമാവധി തൊഴിലവസരം സൃഷ്ടിക്കുകയും

വ്യവസായമേഖലയ്ക്ക് ഉണർവ്വേകുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് സ്വകാര്യ വ്യവസായ പാർക്കുകൾ എന്ന ആശയം അവതരിപ്പിച്ചിരിക്കുന്നത്. ഇതിന്റെ തുടർച്ചയെന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഒരു വർഷത്തിനുള്ളിൽ ഇത്തരം പാർക്കുകൾ യാഥാർത്ഥ്യമാകുമെന്ന് കണക്കാക്കപ്പെടുന്നു. ആദ്യഘട്ടമെന്ന നിലയിൽ എട്ടു സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഇതിനോടകം തന്നെ അനുമതി നൽകിക്കഴിഞ്ഞു. പത്തനംതിട്ട ജില്ലയിലെ ചിറ്റാർ, അടൂർ എന്നിവിടങ്ങളിലും കോട്ടയം ജില്ലയിലെ മൂന്നിലവ്, മീനച്ചിൽ, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലും പാലക്കാട് ജില്ലയിലെ അമ്പലപ്പാറയിലും മലപ്പുറം ജില്ലയിലെ തിരൂരിലും കണ്ണൂർ ജില്ലയിലെ പരിയാരത്തുമാണ് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ ആദ്യ പാർക്കിന്റെ നിർമ്മാണം പത്തനംതിട്ട ജില്ലയിലെ അടൂരിൽ ആരംഭിക്കുകയും ചെയ്തു.

മറ്റു ജില്ലകളിലും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള വിവിധ അപേക്ഷകൾ പരിശോധനാഘട്ടത്തിലാണ്. കൂടുതൽ അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ വർഷം തന്നെ എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള വ്യവസായ പാർക്കുകളുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് നിഗമനം.അനുമതി ലഭിച്ചുകഴിഞ്ഞ വ്യവസായ പാർക്കുകളുടെ നിർമ്മാണം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതോടു കൂടി ചെറുതും വലുതുമായ നിരവധി നിക്ഷേപങ്ങൾ ഇത്തരം പാർക്കുകളിലേക്ക് കടന്നുവരും. കൃഷി അധിഷ്ഠിത വ്യവസായം, ഫാർമസ്യൂട്ടിക്കൽസ്, ഭക്ഷ്യസംസ്കരണം, കയർ, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കാവും ആദ്യഘട്ടത്തിൽ പ്രാധാന്യം നൽകുക.



# ആരാകും ആ സ്വപ്ന വിജയി !

## ഡ്രീംവെസ്റ്റർ ഫൈനൽ വേദിക്ക് കളമൊരുങ്ങുന്നു




നവസംരംഭകർക്കും ബിസിനസ് താത്പര്യമുള്ളവർക്കും ആശയങ്ങൾ അവതരിപ്പിക്കാനും അവ ബിസിനസ് സംരംഭങ്ങളാക്കി മാറ്റുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന നൂതനാശയ മത്സരമായ ഡ്രീംവെസ്റ്റർ' അവസാന ഘട്ടത്തിലേക്ക് കടക്കുന്നു. നാല് റൗണ്ടുകളിലായി നടത്തപ്പെട്ട മത്സരത്തിന്റെ ഫൈനൽ വിശദാംശങ്ങൾ ഉടൻ പ്രസിദ്ധീകരിക്കും. അഗ്രി & ഫുഡ് പ്രോസസ്സിംഗ്, ഇലക്ട്രോണിക്സ് & ഐ.ടി, നൂതന സംരംഭം, ലൈഫ് സയൻസ് & ഹെൽത്ത് കെയർ എന്നീ വിഭാഗങ്ങളിലായി 20 പേരാണ് ഫൈനൽ റൗണ്ടിൽ മത്സരാർത്ഥികൾ.

നൂതന സംരംഭക ആശയങ്ങളും വ്യത്യസ്ത സംരംഭക സ്വപ്നങ്ങളുടെ അവതരണവും കൊണ്ട് ശ്രദ്ധേയമായിരുന്നു ഡ്രീംവെസ്റ്ററിന്റെ ഓരോ റൗണ്ടും. സംരംഭക സൗഹൃദമെന്ന നിലയിൽ കേരളം തുറന്നു കൊടുക്കുന്ന അവസരങ്ങളിൽ യുവജനങ്ങളും സംരംഭകരും എത്രമാത്രം വിശ്വാസം അർപ്പിക്കുന്നു എന്നതിന് തെളിവായിരുന്നു ആദ്യ റൗണ്ട് മുതൽ തങ്ങളുടെ സ്വപ്ന സംരംഭങ്ങളെ പരിചയപ്പെടുത്തിയ മത്സരാർത്ഥികൾ.

സംസ്ഥാന സർക്കാർ 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ സംരംഭകത്വ വികസന സംരംഭങ്ങളുടെ ഭാഗമായിട്ടായിരുന്നു മത്സരം സംഘടിപ്പിച്ചത്. തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾക്ക് സർക്കാർ ഉടമസ്ഥതയിലുള്ള ബിസിനസ് ഇൻകുബേഷൻ സെന്ററുകളിലെ ഇൻകുബേഷൻ സ്പേസിലേക്കുള്ള പ്രവേശനം, മെന്ററിംഗ് പിന്തുണ, സീഡ് കാപ്പിറ്റൽ സഹായം, വിപണി ബന്ധങ്ങൾ തുടങ്ങിയ സഹായം ഉറപ്പു നൽകും. കേരളത്തിൽ വേരൂന്നിക്കൊണ്ട് വിജയകരമായ സംരംഭങ്ങൾ സ്ഥാപിക്കാനും ആഗോള അവസരങ്ങൾ പ്രയോജനപ്പെടുത്താനും ഡ്രീംവെസ്റ്റർ അവസരമൊരുക്കും.

ഒന്നാം സമ്മാനം നേടുന്നയാൾക്ക് അഞ്ച് ലക്ഷം രൂപയും രണ്ടും മൂന്നും സമ്മാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപയും രണ്ട് ലക്ഷം രൂപയുമാണ് സമ്മാനം. 4 മുതൽ 10 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് ഒരു ലക്ഷം രൂപ വീതവും 11 മുതൽ 20 വരെ സ്ഥാനക്കാർക്ക് 25,000 രൂപ വീതവും ലഭിക്കും. കൂടാതെ 20 ഫൈനലിസ്റ്റുകൾക്കും സർട്ടിഫിക്കറ്റുകളും മെമന്റോകളും സമ്മാനിക്കും.

# 'എന്റെ കേരളം' പ്രദർശന വിപണന മേള; അഭിമാനമായി വ്യവസായ വകുപ്പ്



സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക ദിനത്തിനോടനുബന്ധിച്ചു സംഘടിപ്പിക്കുന്ന '**എന്റെ കേരളം**' പ്രദർശന വിപണന മേളയിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ പവലിയനുകൾ ശ്രദ്ധ നേടുന്നു. ഇതിനോടകം 7 ജില്ലകളിൽ സമാപിച്ച '**എന്റെ കേരളം**' പ്രദർശന വിപണന മേളയിൽ ഒരുക്കിയിരിക്കുന്ന സേവനങ്ങളും, പൊതുജന പങ്കാളിത്തവും കൊണ്ട് മികച്ച പ്രതികരണമാണ് വ്യവസായ വാണിജ്യ വകുപ്പിന്റെ പവലിയനുകൾക്ക് ലഭിച്ചത്.

സംരംഭകർക്ക് ബാങ്ക് വായ്പ എടുക്കുന്നതിനും വിവിധ സർക്കാർ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി വ്യവസായ വകുപ്പിന്റെ ഡിപിആർ ക്ലിനിക്ക്, സംരംഭക സഹായ കേന്ദ്രം, വിവിധ ഓൺലൈൻ സേവനങ്ങൾ, വിവിധങ്ങളായ ബിസിനസ്സ് മീറ്റുകൾ, ബിസിനസ്സ് ഡിസ്കഷനുകൾ പ്രോഡക്ട് ലാഞ്ചുകൾ ജോബ് ഫെയറുകൾ എന്നിവ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ '**എന്റെ കേരളം**' പരിപാടിയോടനുബന്ധമായി ഒരുക്കിയിരുന്നു.

'എന്റെ കേരളം' പ്രദർശന വിപണന മേള പൂർത്തിയാക്കിയ ജില്ലകൾ

| ജില്ല | തിയതി | സ്ഥലം |
|---|---|---|
| എറണാകുളം | ഏപ്രിൽ 1 - 8 | മറൈൻഡ്രൈവ് |
| പാലക്കാട് | ഏപ്രിൽ 9 - 15 | ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയം |
| കണ്ണൂർ | ഏപ്രിൽ 11 - 17 | പൊലീസ് ഗ്രൗണ്ട് |
| ആലപ്പുഴ | ഏപ്രിൽ 17 - 23 | ആലപ്പുഴ ബീച്ച് |
| വയനാട് | ഏപ്രിൽ 24 - 30 | എസ്കെഎംജെ എച്ച്എസ്ഇ കൽപ്പറ്റ |
| ഇടുക്കി | ഏപ്രിൽ 28 - മെയ് 4 | വിഎച്ച്എസ്ഇ വാഴത്തോപ്പ് |
| കാസർഗോഡ് | മെയ് 3 - 9 | കാഞ്ഞങ്ങാട് ന്യൂ ബസ് സ്റ്റാൻഡ് |

# മുന്നേറാനൊരു മുന്നൊരുക്കം

## ബാംബൂ അഡ്വാൻസ് ട്രെയിനിങ് വർക്ക്ഷോപ്പ് സമാപിച്ചു



കേരള സംസ്ഥാന ബാംബൂ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID) ബംഗളൂരുവുമായി സഹകരിച്ച് സംഘടിപ്പിച്ച ബാംബൂ അഡ്വാൻസ് ട്രെയിനിങ് വർക്ക്ഷോപ്പ് വിജയകരമായി സമാപിച്ചു. 2023 ഏപ്രിൽ 24 മുതൽ 29 വരെയും മെയ് 1 മുതൽ 6 വരെയും വീതമുള്ള 2 ബാച്ചുകളിലായി അങ്കമാലി ബാംബൂ ഇന്നൊവേഷൻ സെന്ററിൽ വച്ചായിരുന്നു 6 ദിവസങ്ങൾ വീതം നീണ്ടു നിന്ന പരിശീലന പരിപാടി സംഘടിപ്പിച്ചത്.

NID, ബംഗളൂരുവിൽ നിന്ന് പ്രിൻസിപ്പൽ ഡിസൈനർ ശ്രീ. സി. എസ്. സുശാന്തിന്റെ നേതൃത്വത്തിൽ 5 പേരാണ് പരിശീലന പരിപാടിക്ക് നേതൃത്വം നൽകിയത്. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാംബൂ മിഷൻ 2022 നവംബർ 27 മുതൽ ഡിസംബർ 4 വരെ എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് സംഘടിപ്പിച്ച കേരള ബാംബൂ ഫെസ്റ്റ് 2022 ൽ പങ്കെടുത്ത കരകൗശല പ്രവർത്തകർ നിർമ്മിച്ചതിൽ മികച്ച ഒരു ഉല്പന്നത്തെ തിരഞ്ഞെടുത്ത് അത് ബാംബൂ ഫെസ്റ്റ് ക്രാഫ്റ്റ് ഗ്യാലറിയിൽ പ്രദർശിപ്പിച്ചിരുന്നു. പ്രസ്തുത ഉല്പന്നങ്ങളുടെ മൂല്യ നിർണ്ണയം നടത്തി മികച്ച 30 ഉല്പന്നങ്ങൾ നിർമ്മിച്ച കരകൗശല പ്രവർത്തകരെ തിരഞ്ഞെടുക്കുകയായിരുന്നു. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ട 30 പേർക്കാണ് 15 പേർ വീതമുള്ള രണ്ട് ബാച്ചുകളിലായി 6 ദിവസം വീതമുള്ള പരിശീലനം നൽകിയത്.

കരകൗശല കലാകാരന്മാരെ ഈ മേഖലയിൽ കൈ പിടിച്ചുയർത്തുന്നതിനും പരമാവധി പിന്തുണ ഉറപ്പാക്കുന്നതിനും ഇത്തരം പരിശീലന പരിപാടികൾ സഹായിക്കും. വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷനാണ് ബാംബൂ അഡ്വാൻസ് ട്രെയിനിങ് വർക്ക്ഷോപ്പിന്റെ സംഘാടകർ.

നിത്യോപയോഗപ്രദമായ നിരവധി ഉൽപ്പന്നങ്ങളുടെ രൂപകൽപ്പനകളും പരമ്പരാഗത മുള ഉത്പന്നങ്ങളോടൊപ്പം ന്യൂജൻ ഡെക്കറേറ്റീവ് ഉത്പന്ന നിർമാണ പരിശീലനവുമാണ് വർക്ക്ഷോപ്പിലൂടെ പ്രധാനമായി ലക്ഷ്യമിട്ടത്. പരമ്പരാഗത ശൈലിയിൽ നൂതനാശയങ്ങൾ സമന്വയിപ്പിച്ച് പുതു ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും ബാംബൂ കരകൗശല വിദഗ്ദർക്ക് വിപണിയിൽ സജീവമായി ഇടപെടുന്നതിനും പരിശീലനം പൂർത്തിയാക്കിയവർക്ക് സാധിക്കും.

# മിഷൻ 1000

## മെയ് 30 വരെ അപേക്ഷിക്കാം

**തി**രഞ്ഞെടുക്കുന്ന ആയിരം സംരംഭങ്ങളെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കൈ പിടിച്ചുയർത്താൻ ലക്ഷ്യമിട്ട് വ്യവസായ വകുപ്പ് നടപ്പാക്കുന്ന മിഷൻ 1000 പദ്ധതിയിൽ 2023 മെയ് 30 വരെ അപേക്ഷിക്കാം. നിഷ്കർഷിച്ച അടിസ്ഥാന യോഗ്യതകളുള്ള എം.എസ്.എം.ഇകളെ സുതാര്യമായ സംവിധാനത്തിലൂടെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുത്ത് വ്യവസായ വകുപ്പ് പൂർണ പിന്തുണ നൽകും.

മൂലധന സബ്സിഡി, പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്സിഡി, ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം, ടെക്നോളജി നവീകരണത്തിനുള്ള സഹായം, ഗുണനിലവാര സർട്ടിഫിക്കേഷൻ നേടാൻ പ്രത്യേക സഹായം ഉൾപ്പെടെയുള്ള പിന്തുണ നൽകലാണ് മിഷൻ 1000ന്റെ ലക്ഷ്യം. വിശദവിവരങ്ങൾക്കും ഓൺലൈൻ അപേക്ഷയ്ക്കും വ്യവസായ വകുപ്പിന്റെhttps://mission1000.industry.kerala.gov.in/public/index.php/public സന്ദർശിക്കുക.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.